"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം- പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി.ലസിത.എസ്-ന്റെ അനധികൃത ഹാജരില്ലായ്മ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2552/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/11/2019

==========================================================================

പരാമർശം:- 1 14.6.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2 സ.ഉ(പി)നം.110/13/ധന തീയതി 01.03.2013.

3 പഞ്ചായത്ത് ഡയറക്ടറുടെ 24.12.2016, 11.07.2019 എന്നീ തീയതികളിലെ ഇ13-10172/16നമ്പർ കത്തുകൾ.

ഉത്തരവ്

ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി.ലസിത.എസ്-ന്റെ 15.03.2015 മുതൽ 05.10.2015 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി.ലസിത.എസ് 25.10.2002 ൽ സേവനത്തിൽ പ്രവേശിച്ചു. വാഹനാപകടത്തെ തുടർന്ന് ടിയാൾ 20.01.2015 മുതൽ 31.01.2015 വരെ ആർജ്ജിതാവധിയിലും, 01.02.2015 മുതൽ 14.03.2015 വരെ അർദ്ധ വേതനാവധിയിലും ആയിരുന്നു. തുടർന്ന് 15.03.2015 മുതൽ 17.07.2015 വരെ 120 ദിവസത്തെ ശൂന്യവേതനാവധി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ചിരുന്നു. തുടർന്ന് 05.10.2015 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകുവാൻ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് ടിയാൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച 120 ദിവസത്തെ ശൂന്യവേതനാവധി റദ്ദ് ചെയ്തിട്ടുണ്ട്. ടിയാൾ 19.01.2015 മുതൽ 05.10.2015വരെയുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും, 05.10.2015 തീയതിയിലുള്ള ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ മുതുകുളം

ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി.ലസിത.എസ്-ന്റെ 15.03.2015 മുതൽ 05.10.2015 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് പരാമർശം(2) ഉത്തരവിന് വിധേയമായി കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ്, ആർജ്ജിതാവധിക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, മുതുകുളം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.ലസിത.എസ്, അക്കൗണ്ടന്റ്, മുതുകുളം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(114/ഇപിഎ1/2016/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ